"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2023-24 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - കോട്ടയം ജില്ലയിലെ മേലുകാവ് വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി രാമപുരം വില്ലേജ് ഓഫീസിനും ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി ചിന്നക്കനാൽ വില്ലേജ് ഓഫീസിനും മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1338/2025/RD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. 21.07.2023 തീയതിയിലെ സ.ഉ (സാധാ) നം. 2694/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 10.04.2025 തീയതിയിലെ LR/8286/2023-LR(M2) നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.04.2025 തീയതിയിലെ LR/8286/2023-LR(M2) നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ മേലുകാവ് വില്ലേജ് ഓഫീസിനും ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസിനും സ്മാർട്ട് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി പരാമർശം 1-ലെ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി.

2] കോട്ടയം ജില്ലയിലെ മേലുകാവ് സ്മാർട്ട് വില്ലേജ് നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടു നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി വിവിധ ഉപാധികൾ മുന്നോട്ട് വെച്ചിട്ടുള്ളതായും, ടി വിഷയം സംബന്ധിച്ച് ബഹു എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 27.03.2025-ൽ പഞ്ചായത്തുമായി ചർച്ച നടന്നതായും ഉപാധിരഹിതമായി സ്ഥലം നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറായിട്ടില്ലായെന്നും, പ്രസ്തുത സാഹചര്യത്തിൽ മേലുകാവ് വില്ലേജ് സ്മാർട്ടാക്കുന്നതിന് ലഭിച്ച ഭരണാനുമതി 1000 sq ft നുള്ളിൽ വിസ്തീർണ്ണമുള്ള, ലാറി ബേക്കർ സ്റ്റൈലിൽ നിർമ്മിച്ച, പരിമിതമായ സ്ഥലസൗകര്യമുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നതും, 20 സെൻറ് സ്ഥലം സ്വന്തമായുള്ളതുമായ രാമപുരം വില്ലേജിന് മാറ്റി അനുവദിക്കണമെന്നും കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം-2 ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ, നിലവിൽ ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെക്കാൾ അനുയോജ്യമായ മറ്റൊരു റവന്യൂ സ്ഥലത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർ ഭരണാനുമതി നൽകിയെങ്കിലും രാജകുമാരി പഞ്ചായത്ത് ഭരണസമിതി, വ്യാപാരി വ്യവസായി

പ്രതിനിധികൾ, 700-ൽ പരം പൊതുജനങ്ങൾ എന്നിവരുടെ പരാതിയെ തുടർന്ന് നടത്തിയ യോഗത്തിൽ നിലവിലെ വില്ലേജ് ഓഫീസ് നവീകരിച്ച് സ്മാർട്ടാക്കാമെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ രാജകുമാരി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണത്തിന് ലഭിച്ച ഭരണാനുമതി ചിന്നക്കനാൽ വില്ലേജിന് മാറ്റി അനുവദിക്കണമെന്ന് ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം-3 ലെ കത്ത് പ്രകാരവും അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ മേലുകാവ് വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി രാമപുരം വില്ലേജ് ഓഫീസിനും ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി ചിന്നക്കനാൽ വില്ലേജ് ഓഫീസിനും മാറ്റി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PUSHPAVALLY B
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം/ഇടുക്കി
അക്കൗണ്ടന്റ്Loadingറ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി [REV-F2/160/2023-REV]

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 04-06-2025 12:24:12
സെക്ഷൻ ഓഫീസർ